ഉത്തരം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യംവച്ച് പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നില്ല. എന്നാൽ സ്പീഡ് ഐ.ടി., പി.ജി. ഡിപ്ലോമ ഇൻ ഇ-ഗവേണൻസ്, വുമെൻ റിസോഴ്സ് സെന്റർ തുടങ്ങി ഐ.ടി. മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആവശ്യമായ പ്രാതിനിധ്യം നൽകുന്നുണ്ട്.

തലശ്ശേരിയിലെ ഐ.ടി. പാർക്ക്

187(2176) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തലശ്ശേരിയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സാധ്യതാ പഠനം കെ.എസ്.ഐ.ടി.ഐ.എ. ൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഐ.ടി. പാർക്കിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും, സാങ്കേതിക-സാമ്പത്തിക സാധ്യതാ പഠനം നടത്തുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി പണം വകയിരുത്തിയിട്ടില്ല.

വെർച്വൽ ഐ.ടി. കേഡർ

188(2177) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെർച്വൽ ഐ.റ്റി. കേഡർ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly